പതിമൂന്നാം നിയമസഭ

പതിമൂന്നാം സമ്മേളനം

കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസ്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം :1747 16.3.15- ൽ മറുപടി നൽ കേണ്ടത്.

| | ചോദ്യം<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി, ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | പുതുക്കിയ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാം; | (എ) | സംസ്ഥാനത്ത് നഗര-ഗ്രാമാസൂത്രണം സംബന്ധിച്ച് ഒരു ഏകീകൃത നിയമം നിലവിലില്ലായിരുന്നു. നഗര-ഗ്രാമാസൂത്രണവുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്നത് പഴയ തിരുവിതാംകൂർ-കൊച്ചി പ്രദേശത്തിനും മലബാർ പ്രദേശത്തിനും യഥാക്രമം ബാധകമായിരുന്ന 1108, (ME) -ലെ ടൗൺ പ്ലാനിംഗ് ആക്റ്റ്, 1120 (ME) -ലെ ട്രാവൻകൂർ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ്, 1920-ലെ, മദ്രാസ് ടൗൺ പ്ലാനിംഗ് ആക്റ്റ്, എന്നീ ആക്റ്റുകളാണ്. മേൽപ്പറഞ്ഞ ആക്റ്റുകൾ റദ്ദ് ചെയ്തുകൊണ്ട് നഗര ഗ്രാമാസൂത്രണത്തിനായി ഒരു ഏകീകൃത നിയമം ഉണ്ടാക്കുവാനുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് 2014-ലെ നഗര-ഗ്രാമാസൂത്രണ ഓർഡിനൻസ് പുറപ്പെടുവിച്ചത്. ഭരണഘടനയുടെ 74-ാം ഭേദഗതിയുടെ അടിസ്ഥാനത്തിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് നിലവിൽ വന്നപ്പോൾ ജില്ലാ ആസൂത്രണ കമ്മിറ്റിയുടെയും മെട്രാപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയുടെയും രൂപീകരണം സംബന്ധിച്ച വ്യവസ്ഥകൾ ഉൾ പ്പെടുത്തിയിരുന്നെങ്കിലും സ്ഥലസംബന്ധമായ ആസൂത്രണം സംബന്ധിച്ച് പ്രത്യേകമായ വ്യവസ്ഥകൾ ഉൾ പ്പെടുത്തിയിരുന്നില്ല. ശാസ്ത്രീയമായ സ്ഥലസംബന്ധമായ ആസൂത്രണത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് കേരള സംസ്ഥാനത്തെ നഗര-ഗ്രാമപ്രദേശങ്ങളിലെ ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുന്നതിനും വളർച്ച ക്രമീകരിക്കുന്നതിനും അവിടത്തെ ഇപ്പോഴത്തെയും ഭാവിയിലെയും താമസക്കാരുടെ ശുചിത്വ സംബന്ധമായ ആവശ്യങ്ങളും സൗകര്യങ്ങളും നേടിയെടുക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് അനുയോജ്യമായ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുക എന്നതാണ് 2014-ലെ നഗര-ഗ്രാമാസൂത്രണ ഓർഡിനൻസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |

| | | | |
|---|---|---|---|
| (ബി) | പഴയ ഓർഡിനൻസിൽ നിന്ന് എന്തെല്ലാം മാറ്റങ്ങളാണ് പുതിയ ഓർഡിനൻസിലുള്ളത്; | (ബി) | 2014-ലെ നഗര-ഗ്രാമാസൂത്രണ ഓർഡിനൻസ് (2014-ലെ 16) ൽ നിന്നും പുതിയ ഓർഡിനൻസ് ആയ 2015-ലെ നഗര-ഗ്രാമാസൂത്രണ ഓർഡിനൻസിൽ (2015-ലെ 3) താഴെ പറയുന്ന പ്രധാന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.<br>(i) "സാമൂഹികവും സാമ്പത്തികവുമായ ആസൂത്രണം "എന്നത് സൂചിപ്പിക്കുന്ന വാക്കുകൾ ഓർഡിനൻസിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.<br>(ii) "സംസ്ഥാന നഗര-ഗ്രാമാസൂത്രണ കമ്മീഷനെ", "സംസ്ഥാന നഗര-ഗ്രാമാസൂത്രണ ബോർഡ്" ആയി നാമകരണം ചെയ്തു. ഓർഡിനൻസിൽ "കമ്മീഷൻ" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നിടത്തെല്ലാം "ബോർഡ് "എന്ന വാക്ക് പകരം ചേർത്തു.<br>(iii) ഓർഡിനൻസിന്റെ 3-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ "സംസ്ഥാന നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി അല്ലെങ്കിൽ മന്ത്രിമാർ" എന്ന വാക്കുകൾക്കു പകരം "സംസ്ഥാന നഗര-ഗ്രാമാസൂത്രണം, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ, ഗ്രാമവികസനം, ആസൂത്രണം എന്നീ വകുപ്പുകളുടെ ചുമതലയുള്ള മന്ത്രി അല്ലെങ്കിൽ മന്ത്രിമാർ" എന്ന വാക്കുകൾ ചേർത്തിട്ടുണ്ട്.<br>(iv) 15-ാം വകുപ്പിന്റെ (ജെ) ഖണ്ഡത്തിലെ (iii)-ാം ഇനം ഒഴിവാക്കിയിട്ടുണ്ട്.<br>(v) 16-ാം വകുപ്പിന്റെ ഇനം (സി) |

| | | | |
|---|---|---|---|
| | | | ഒഴിവാക്കിയിട്ടുണ്ട്.<br>(vi) 16-ാം വകുപ്പിന്റെ ഇനം (ഡി) യിലും 24-ാം വകുപ്പിന്റെ നിലവിലുള്ള ഇനം (ഡി)യിലും 35-ാം വകുപ്പിന്റെ ഇനം (സി) യിലും "സാമൂഹ്യക്ഷേമം" എന്ന വാക്ക് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ 24-ാം വകുപ്പിന്റെ ഇനം (സി) ഒഴിവാക്കിയിട്ടുണ്ട്.<br>(vii) 2014-ലെ 16-ാം നമ്പർ ഓർഡിനൻസിന്റെ 48-ാം വകുപ്പിൽ ആസൂത്രണവും വികസന അതോറിറ്റിയും എന്ന വാക്കുകൾ ഒഴിവാക്കിയിട്ടുണ്ട്.<br>(viii) 51-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "ബോർഡും ചീഫ് ടൗൺ പ്ലാനറുമായി കൂടിയാലോചിച്ച്" എന്ന വാക്കുകൾ ഒഴിവാക്കിയിട്ടുണ്ട്.<br>(ix) 54-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് ഒഴിവാക്കിയിട്ടുണ്ട്.<br>(x) 55-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ (സി) ഖണ്ഡത്തിൽ "രണ്ട് അംഗങ്ങൾ "എന്നതിനു പകരം "നാല് അംഗങ്ങൾ "എന്ന് ചേർത്തിട്ടുണ്ട്.<br>(xi) 111-ാം വകുപ്പിൽ "കമ്മീഷനും" എന്ന വാക്കിന് പകരം ബോർഡ് എന്ന് ചേർത്തു. "കൂടാതെ ഈ ആവശ്യത്തിലേയ്ക്കായി കമ്മീഷൻ അതതു സമയം പുറപ്പെടുവിക്കുന്ന നിർ ദ്ദേശങ്ങൾ ജില്ലാ ആസൂത്രണ കമ്മിറ്റിയും മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയും വികസന അതോറിറ്റിയും ജോയിന്റ് ആസൂത്രണ കമ്മിറ്റിയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും പാലിക്കേണ്ടതാണ്." എന്നത് ഒഴിവാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ മേല്പറഞ്ഞ മാറ്റങ്ങൾക്ക് അനുയോജ്യമായ ചില മാറ്റങ്ങളും 2015-ലെ 3-ാം നമ്പർ ഓർഡിനൻസിൽ വരുത്തിയിട്ടുണ്ട്. |
| (സി) | പുതിയ ഓർഡിനൻസ് പ്രകാരം വികേന്ദ്രീയ ആസൂത്രണ പ്രക്രിയയിൽ ഏത് തരത്തിൽ മാറ്റങ്ങളുണ്ടാകുമെന്ന് വിശദമാക്കുമോ | (സി) | മാറ്റങ്ങളൊന്നുമില്ല. |

Kajeen
സെക്ഷൻ ഓഫീസർ